പതിമൂന്നാം കേരള നിയമസഭ
ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1226 12/7/2011—ൽ മറുപടി നല്കേണ്ടിയിരുന്നത്

## സിനിമാ-സീരിയൽ രംഗത്ത് പ്രവർത്തിക്കുന്ന സർക്കാർ ജീവനക്കാരായ കലാകാരന്മാർ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.സി.പി മുഹമ്മദ് | മുഖ്യമന്ത്രി |
| (എ) സിനിമാ-സീരിയൽ രംഗത്തോ ഇതര മേഖലകളിലോ പ്രവർത്തിച്ചു വരുന്ന സർക്കാർ ജീവനക്കാരായ കലാകാരന്മാർക്ക് തങ്ങൾ ജോലി ചെയ്യുന്ന സ്ഥാപനങ്ങളിലെ മേധാവികളിൽ നിന്ന് മുൻകൂർ അനുമതി വാങ്ങി പ്രവർത്തിക്കണമെന്ന് നിർദ്ദേശം നല്കിയിട്ടുണ്ടോ; | (എ) കേരള സർക്കാർ ജീവനക്കാരുടെ പെരുമാറ്റചട്ടങ്ങൾ 1960-ന്റെ അടിസ്ഥാനത്തിൽ സിനിമാ-സീരിയൽ രംഗത്തോ ഇതര മേഖലകളിലോ പ്രവർത്തിച്ചു വരുന്ന സർക്കാർ ജീവനക്കാർ വകുപ്പ് മേധാവികളിൽ നിന്നും മുൻകൂർ അനുമതി വാങ്ങേണ്ടതാണ്. |
| (ബി) സംസ്ഥാനത്ത് വിവിധ വകുപ്പുകളിൽ ജോലി ചെയ്യുന്ന എത്ര പേർക്കാണ് സിനിമാ-ടെലിവിഷൻ രംഗത്ത് പ്രവർത്തിക്കുവാൻ സർക്കാർ അനുമതി നല്കിയിട്ടുള്ളതെന്നും ഇങ്ങനെ അനുമതി നല്കുമ്പോൾ സർക്കാർ മാനദണ്ഡങ്ങൾ വയ്ക്കാറുണ്ടോയെന്നും വെളിപ്പെടുത്തുമോ; | (ബി) വിവിധ വകുപ്പുകളിൽ നിന്നും ലഭ്യമായ വിവരങ്ങളനുസരിച്ച് സിനിമാ-ടെലിവിഷൻ രംഗത്ത് പ്രവർത്തിക്കുന്നതിന് 38 പേർക്ക് സർക്കാർ ഉദ്യോഗസ്ഥരുടെ കോൺഡക്റ്റ് റൂളുകൾക്ക് വിധേയമായി അനുമതി നല്കിയിട്ടുണ്ട്. |
| (സി) സർക്കാർ അനുമതി വാങ്ങാതെയും കെ.എസ്.ആർ. ചട്ടങ്ങളും സർക്കാർ ജീവനക്കാരുടേതായ പെരുമാറ്റചട്ടങ്ങളും പാലിക്കാതെയും പ്രവർത്തിച്ചു വരുന്നവർക്കെതിരെ ലഭിക്കുന്ന പരാതികളിന്മേൽ എന്തു നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ? | (സി) ഇത്തരത്തിൽ പരാതികളൊന്നും ലഭിച്ചിട്ടില്ല |

സെക്ഷൻ ഓഫീസർ